ഫ്ളഡ് ഡാമേജുകൾ പരിഹരിക്കാൻ അനുവദിച്ച തുക

* 84 [210] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ളഡ് ഡാമേജുകൾ പരിഹരിക്കാൻ കഴിഞ്ഞതവണ അനുവദിച്ച തുകകൾ, ഇൻജിനീയർമാരും കോൺട്രാക്ടർമാരും ചേർന്ന് വീതിച്ചെടുക്കുകയും തുകകൾ ജോലിക്കുവേണ്ടി ചെലവാക്കാതിരിക്കുകയും ചെയ്തതായി പരാതിയുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടൊക്കെയുള്ള പണികളെക്കുറിച്ചാണ് പരാതി ഉണ്ടായത് ;

(സി) മൊത്തം എത്ര തുക ആ ഇനത്തിൽ ഓരോ ജില്ലയിലും ചെലവാക്കി; ഈ ഇനത്തിൽ ഇനി എത്ര തുക ഓരോ ജില്ലയിലും പേയ്മെന്റ് നടത്താനുണ്ട് ;

(ഡി) പരാതികളെക്കുറിച്ച് എവിടെയൊക്കെ അന്വേഷിച്ചു ;

(ഇ) അന്വേഷണഫലം എന്ത്?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഉണ്ട്.

(ബി) പരാതിയെസംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി) ഇതുവരെ കിട്ടിയ റിപ്പോർട്ടനുസരിച്ച് ഓരോ ജില്ലയിലും ചെലവാക്കിയ തുകയും ഇനി പേമെന്റ് നടത്താനുള്ളതും താഴെ പറയുന്നു. ഇതു് ക്ഷാമനിവാരണ പദ്ധതികളുടെ മാത്രമാണ്.

ജില്ല	ചെലവാക്കിയ തുക	പേമെന്റ് നടത്താനുള്ളതു്
തിരുവനന്തപുരം	104317.59	15066.98
കൊല്ലം	1635947.00	202510.00
ആലപ്പുഴ	1439538.00	റിപ്പോർട്ട് കിട്ടിയിട്ടില്ല
കോട്ടയം	806127.00	88600.00
എറണാകുളം	426110.59	174032.00
തൃശ്ശൂർ	769495.12	300000.00
പാലക്കാട്	95283.00	549.70
കോഴിക്കോട്	804950.00	135668.00
കണ്ണൂർ	1553246.77	റിപ്പോർട്ട് കിട്ടിയിട്ടില്ല.
മലപ്പുറം	(റിപ്പോർട്ട് പ്രത്യേകമായി കിട്ടിയിട്ടില്ല)	

(ഡി) അന്വേഷണം പുരോഗമിക്കുന്നതിനു മുൻപു് ഈ വിവരം വെളിപ്പെടുത്താവുന്നതല്ല.

(ഇ) അന്വേഷണം തുടർന്നുവരികയാണ്. ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിറുത്താൻ ഉത്തരവിട്ടിട്ടുണ്ട്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : എത്ര ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിറുത്തിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീമതി കെ. ആർ ഗൗരി : (1) ശ്രീ. യമുനാദാസ്, ജൂനിയർ എൻജിനീയർ (മൈനർ ഇറിഗേഷൻ), പുനലൂർ, (2) ശ്രീ. കെ. ജി. രാമചന്ദ്രൻ നായർ, ജൂനിയർ എൻജിനീയർ, (മൈനർ ഇറിഗേഷൻ)അഞ്ചൽ, (3)ശ്രീ. മാത്യു അഞ്ചേരി, എക്സിക്യൂട്ടീവ് എൻജിനീയർ (മൈനർ ഇറിഗേഷൻ), കൊല്ലം,(4) ശ്രീ. വി. ശ്രീധരൻപിള്ള, അസിസ്റ്റന്റ് എൻജിനീയർ, (മൈനർ ഇറിഗേഷൻ), കൊട്ടാരക്കര സബ്ഡിവി

LIBRARY ARCHIVES Kerala Legislative Assembly

ഷൻ എന്നിവരാണു്. ശ്രീ. ബാബു തോമസ്, ജൂനിയർ എൻജിനീയർ (മൈനർ ഇറിഗേഷൻ), കോന്നി, ശ്രീ. എം. പി. ഗീവറുഗീസ് അസിസ്റ്റന്റു് എൻജിനീയർ (മൈനർ ഇറിഗേഷൻ), അടൂർ, എന്നിവരുമുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പേമെന്റു് നടത്താതിരിക്കുന്നതു് വക്കിന്റെ കുഴപ്പംകൊണ്ടോ തുകയുടെ അഭാവംകൊണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞകൊല്ലം അനുവദിച്ച തുക മുഴുവൻ തീർന്നു പോയി. ഈ പ്രാവശ്യം പഴയ വർക്കുകൾ മുഴുവൻ പൂർത്തിയാക്കണമെങ്കിൽ 65 ലക്ഷം രൂപ വേണം. ഇന്നുവരെ കിട്ടിയിട്ടുള്ള വിവരംവച്ചുപറയുകയാണു്. 10 ലക്ഷം രൂപ കണ്ടിജൻസി ഫണ്ടിൽനിന്നെടുത്തു വിതരണംചെയ്തിട്ടുണ്ടു്. തുകയില്ലേ എന്നുള്ള വിവരം അറിഞ്ഞുകൂടാ ?

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള . ഈ തുക സ്റ്റേറ്റു ഗവണ്മെന്റിന്റെ വകയാണോ അതോ കേന്ദ്രത്തിൽ നിന്നുള്ള ലോൺ ആണോ ?

ശ്രീമതി കെ. ആർ. ഗൗരി : ഫാമിൻ റിലീഫ് വക്കിനു് 50 ലക്ഷം രൂപ ഉപയോഗിക്കുന്നതിനു കേന്ദ്രത്തിൽനിന്നു് അനുവാദം തന്നിരുന്നു. അതിനുശേഷം വീടു കെട്ടിക്കൊടുക്കുന്നതിനും മറ്റുമുള്ള ഫാമിൻ റിലീഫ് ഫണ്ടിൽനിന്നു ഡൈവർട്ടു ചെയ്തു ചെലവഴിക്കുന്നതിനും അനുവദിച്ചിരുന്നു. 50 ശതമാനം കേന്ദ്ര ഗ്രാന്റാണു്. 25 ശതമാനം ലോൺ. ബാക്കി 25 ശതമാനം ഇവിടത്തെ ഗവണ്മെന്റു മുടക്കുന്നു.

ശ്രീ. സി. കെ. രാജൻ: ചെയ്തതീർത്ത പണികൾക്കു് എന്നു തുക കൊടുക്കുമെന്നു് പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ചെയ്തതീർത്ത പണികൾക്കും ചെയ്തതീർക്കാത്ത പണികൾക്കും ആയി മരാമത്തു വകുപ്പിന്റെയും കളക്ടർമാരുടെയും റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞശേഷം ഗവണ്മെന്റു് പരിഗണിച്ചു് ആദ്യത്തെ നിലയിൽ 10 ലക്ഷം രൂപ കൊടുത്തു. ഇനിയും എത്രമാത്രം കൊടുക്കാമെന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): ഏറ്റവും കുറവു തുക കൊടുത്തിരിക്കുന്നതു പാലക്കാടു ജില്ലയിലാകാൻ കാരണമെന്താണു്?

ശ്രീമതി കെ. ആർ. ഗൗരി: ഇതു് ഫ്ളഡ്ഡു് റിലീഫ് വർക്കുകളുടെ കാര്യമാണു്, വെള്ളപ്പൊക്കംകൊണ്ടുണ്ടായ കെടുതികളും പരിഹരിക്കുന്നതിനുള്ളതാണു്. കേടു സംഭവിച്ച റോഡിനും മറ്റും എത്രമാത്രം ചെലവാക്കി എന്നുള്ള കാര്യമല്ല.

ശ്രീ. കെ. കരുണാകരൻ: ഫ്ളഡ് ഡാമേജ് പരിഹരിക്കുക എന്നു പറയുമ്പോൾ അതിൽ കൃഷിനാശം, റോഡുകൾക്കുള്ള കേടുകൾ ഇതെല്ലാം വരും. ഇങ്ങനെ ഓരോ ഇനങ്ങൾക്കും ചെലവഴിച്ചതു് മൊത്തം എത്ര തുകയാണു്?

ശ്രീമതി കെ. ആർ. ഗൗരി: കൃഷിക്കുള്ള നാശം പരിഹരിച്ചു് പുനരുദ്ധരിക്കുന്നതിനും റോഡുകൾ നന്നാക്കുന്നതിനും ചെലവാക്കിയിട്ടുണ്ടു്. ഇറിഗേഷൻ വകുപ്പു് ചെലഴിച്ചിട്ടുണ്ടു്, പി.ഡബ്ലിയു. ഡി. ചെലവഴിച്ചിട്ടുണ്ടു്. മൊത്തം കണക്കു് ഇവിടെയില്ല.

മി സ്പീക്കർ: ആർഡർ, ആർഡർ. കഴിഞ്ഞദിവസം, ചോദ്യങ്ങൾ അഡ്മിറ്റുചെയ്യുന്നതിനെ സംബന്ധിച്ചു ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചില വിവരങ്ങൾ അറിയിക്കാനുണ്ടു്.

9 A.M.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ, 8-8-1969-ൽ ഉത്തരംകിട്ടാനായി അയച്ച ചോദ്യം 29-7-1969-ലാണു് ആഫീസിൽ കിട്ടുന്നതു്. നിയമപ്രകാരം പത്തുദിവസത്തെ 'ക്ലീയർഡേസ്' നോട്ടീസി'ല്ലെന്ന കാരണത്താൽ അതു് 13-8-1969-ൽ ഉത്തരം നൽകാനായി മാറ്റിയിട്ടുണ്ടു്, നിരസിച്ചിട്ടില്ല. അതുപോലെതന്നെ മന്ത്രിമാരുടെ ടി.എ. യെ സംബന്ധിച്ചും മറ്റും വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ടു അയച്ചിരുന്ന ചോദ്യം നീണ്ട സ്ഥിതിവിവരങ്ങൾ കളക്റ്റുചെയ്യേണ്ടതാകയാൽ അൺസ്റ്റാർഡു കമ്മിറ്റ്യൻസിന്റെ ലിസ്റ്റിൽപെടുത്തുകയാണു ചെയ്തതു്.

139-ാം നമ്പരായി ഇതുപോലെ പാർട്ടിടൈം അദ്ധ്യാപകരെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ശേഖരിക്കേണ്ട ഒരു ചോദ്യവും അങ്ങനെ മാറ്റിയിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് തലശ്ശേരി-പുൽപ്പള്ളി കേസിനെപ്പറ്റി ചോദിച്ച ചോദ്യം അതുസംബന്ധിച്ച കേസു കോടതിയിൽ നിലവിലുള്ളതിനാൽ സബ്ജൂഡീസാകുമെന്ന കാരണത്താൽ, അതിൽ ഏതെല്ലാംഭാഗം അഡ്മിറ്റുചെയ്യാമെന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം രാമുണ്ണിയുടെ ചോദ്യം ക്യാബിനറ്റു മീറ്റിംഗിനെ സംബന്ധിച്ചതാകയാൽ, ക്യാബിനറ്റു രഹസ്യം വെളിപ്പെടുത്താൻ നിവൃത്തിയില്ലെന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാതിരുന്നതാണു്.

ശ്രീ. പി. എൻ. ചന്ദ്രസേനന്റെ മൂന്നു നല്ല ചോദ്യങ്ങളിൽ ഒന്നു ചോദിക്കാൻ സാധിച്ചില്ല എന്നു ഇന്നലെ പറയുകയുണ്ടായി. പക്ഷേ, അദ്ദേഹത്തിന്റെ ചോദ്യങ്ങളിൽ, 141-ാം, 179-ാം നമ്പർ രണ്ടു ചോദ്യങ്ങളും അഡ്മിറ്റുചെയ്തിട്ടുണ്ടു്. മൂന്നാമത്തെ ആ നല്ല ചോദ്യം ഗ്രഹപ്പിഴയ്ക്കു ബാലറ്റിൽപെട്ടില്ല. ആരുടെയും മനഃപൂർവ്വമായ നടപടികൊണ്ടു വന്ന കുഴപ്പമൊന്നുമല്ല.

ബഹുമാനപ്പെട്ട മെമ്പറന്മാരോടു് എനിക്കു പറയാനുള്ളതു്, ഇങ്ങനെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ എന്റെ അടുക്കൽവന്നു പറഞ്ഞു പരിഹാരം കാണാൻ സാധിക്കുന്നില്ലെങ്കിൽ മാത്രം സഭയിൽ ഉന്നയിച്ചാൽമതിയെന്നാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർക്കു വിശേഷിച്ചു് സീനിയർ മെമ്പറന്മാർക്കു ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാനിടയുള്ളകാര്യമാണെങ്കിലും, ഇത്തരം കാര്യങ്ങളും സഭയിൽ ഉന്നയിക്കുന്നതു ശരിയായിരിക്കുകയില്ല. ഏതെല്ലാം ചോദ്യങ്ങളും അനുവദിക്കാം, ഏതെല്ലാം അപ്രധാനമായി അൺസ്റ്റാർഡു ലിസ്റ്റിൽപെടുത്തണം എന്നെല്ലാം നിശ്ചയിക്കുന്നതു് ആഫീസിലാണു്. പ്രയാറിട്ടി അനുസരിച്ചു ബാലറ്റുനടത്തി ചോദ്യങ്ങളും അഡ്മിറ്റുചെയ്യുകയാണു്. എന്റെ അടുത്തു വളരെ ചുരുക്കം ചോദ്യങ്ങൾമാത്രമേ വരികയുള്ളു. ഏതെങ്കിലും കാര്യത്തിൽ സംശയം ഉണ്ടെങ്കിൽ എന്റെ അടുത്തുവന്നു പരിഹാരംകാണാൻ ശ്രമിക്കുകയും അതുകൊണ്ടും പരിഹാരമുണ്ടാകുന്നില്ലെങ്കിൽ അതു സഭയിൽ ഉന്നയിക്കുകയും ചെയ്യുന്നതായിരിക്കും നല്ലതു്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു സുഖമില്ലെന്നറിയുന്നു. അദ്ദേഹത്തെ ആപ്പറേഷനുവേണ്ടി വിദേശത്തേക്കു കൊണ്ടുപോകുന്നതായും കേൾക്കുന്നു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി അറിയാൻ ഞങ്ങൾക്കു് ഉൽക്കണ്ഠയുണ്ടു്. അതിവേഗം രോഗം സുഖമായി അദ്ദേഹം തിരിച്ചുവരട്ടേ എന്നും പ്രാർത്ഥിക്കുന്നു. യഥാർത്ഥനില എന്താണെന്നു് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആരോഗ്യനിലയെ സംബന്ധിച്ചു സ്വാഭാവികമായിട്ടും നമുക്കെല്ലാം ആകാംക്ഷയുണ്ടു്. ഞാൻ ഇന്നു രാവിലെ 7 മണിക്കു് ആശുപത്രിയിൽ പോയി അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. ഞങ്ങൾ തമ്മിൽ സംസാരിച്ചു. അദ്ദേഹം വളരെ ഉൽസാഹവാനായിരിക്കുകയാണു്. ന്യുമോണിയയ്ക്കുള്ള മരുന്നുകൾ കഴിക്കുന്നുണ്ടു്. ന്യുമോണിയാതൊരു കാരണവുമില്ലെന്നുമാത്രമല്ല, യാതൊരു ആശങ്കയ്ക്കും കാരണമില്ല. ഡാക്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

മറെയും കണ്ടുസംസാരിച്ച്.കൂടുതലായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണു്. പരിശോധനയുടെശേഷംമാത്രമേ കൂടുതൽ വിവരങ്ങൾ അറിയാൻ സാധിക്കൂ. വിവരം സഭയെ അറിയിക്കണമെന്നു് എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

ഒന്നുരണ്ടു പ്രിവിലേജസു പ്രശ്നങ്ങൾ ഈ സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുണ്ടു്. ഇതുസംബന്ധിച്ചു ഒരുകാര്യം പറയാനുണ്ടു്. പ്രിവിലേജു പ്രശ്നങ്ങൾ വരുമ്പോൾ അതുസംബന്ധിച്ചു റൂളിംഗു് മലയാളത്തിൽ നൽകുന്നതിനു് യോജിച്ച സാങ്കേതിക പദങ്ങൾ ഉണ്ടാക്കി ഒരു തീരുമാനം വരുന്നതുവരെ ഇംഗ്ലീഷിൽ റൂളിംഗു് തരാനെ സാധിക്കുന്നുള്ളൂ.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: ലാംഗ്വേജു് ഇൻസ്ട്രിറ്റ്യൂട്ടുമായി റഫർചെയ്യാൽമതി.

മി. സ്പീക്കർ: അവരുമായി ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്.

QUESTION OF PRIVILEGE:

Report in the Desabhimani dated 3rd March 1969

Mr. Speaker: One or two privilege questions have come before the Assembly. I think it is proper to give the ruling in English.

On March, 19, 1969 Shri K.P.R. Gopalan requested permission to raise a question of alleged breach of privilege against Shri E.M. Sankaran Namboodiripad, Chief Minister in respect of a speech reported in the 'Desabhimani' dated March 3, 1969. He alleged that the speech of the Chief Minister at Alleppey as appeared in the Desabhimani dated March 3, 1969 under the caption "theevra vadikal" was made deliberately to ridicule him before the public. According to Shri K.P.R. Gopalan, the whole trend of the speech of the Chief Minister and in particular his remarks that the only hands raised in the Assembly against the Government along with the opposition were those of Shri K.P.R. Gopalan, went against his "privilege to vote according to his wishes".

I then informed the House that the matter would be referred to the Committee of Privileges under Rule 153 of the Rules of Procedure and Conduct of Business in the Legislative Assembly to examine and report to me whether a prima facie case of breach of Privilege was involved.

The Committee of Privileges met on April 24, 1969 and examined the question. Shri E.M.S. Namboodiripad, Chairman of the Committee did not participate in the deliberations of the Committee when the matter was taken up as he was a party to the case. The meeting was presided over by another member of the Committee.

The Committee also heard the views of the Government Pleader in charge of the duties of the Advocate General in the matter. The Committee presented its report to me on June 11, 1969.

According to the Committee, the report that appeared in the 'Desabhimani' dated March 3, 1969 contained only a statement of fact. The proceedings of the Assembly including the manner of voting on a particular issue by any member or a group of members could be published in any newspaper. It is, therefore, open to anyone to state the manner in which a

LIBRARY ARCHIVES, Kerala Legislative Assembly